പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3214 — 21.08.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി പുതുതായി ആരംഭിച്ച സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി വനിതകൾക്കുമാത്രമായി 'പിങ്ക്' ബസ് സർവ്വീസും, ദീർഘദൂരയാത്രക്കാർക്കായി ' മിന്നൽ' സർവ്വീസും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മിന്നൽ സർവ്വീസ് എന്ന പേരിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; ഈ സർവ്വീസിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി എട്ട് മിന്നൽ സർവ്വീസുകൾ നടത്തുന്നുണ്ട്. ചെലവ് കുറച്ചും സുരക്ഷിതമായ വേഗത്തിലും യാത്രാസൗകര്യം പ്രദാനം ചെയ്യുന്നുവെന്നുള്ളത് ഈ സർവ്വീസിന്റെ നേട്ടമാണ്. |
| (സി) | കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കർണ്ണാടകയിലേക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**